**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 829** **06-02-2023 - ൽ മറുപടിയ്ക്ക്**

**കുറ്റകൃത്യങ്ങളിൽ ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റകൃത്യങ്ങളിൽ ഇരകളാകുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് യഥാസമയം നഷ്ടപരിഹാരം ലഭിക്കാത്തതിനെ തുടർന്ന് ദേശീയ പട്ടികജാതി കമ്മീഷൻ സ്വമേധയാ കേസെടുക്കുകയുണ്ടായോയെന്ന് അറിയിക്കുമോ; | (എ) | കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് നഷ്ടപരിഹാരം യഥാസമയം ലഭിയ്ക്കാത്തതുമായി ബന്ധപ്പെട്ട് ദേശീയ പട്ടികജാതി കമ്മീഷൻ കേരളത്തിൽ സ്വമേധയാ കേസുകൾ എടുത്തിട്ടില്ല. |
| (ബി) | ഇത്തരം കേസുകളിൽ നഷ്ടപരിഹാരം നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയൊക്കെയാണ്; വിശദാംശം നൽകുമോ; | (ബി) | ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളിലെ തീരുമാന പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസർമാരെയാണ് ഇത്തരം കേസുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.<br><br>പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ നഷ്ടപരിഹാരം നൽകുന്നതിനായി, ടി കേസുകളുടെ FIR, അന്തിമ റിപ്പോർട്ട്, മറ്റ് ആവശ്യമായ രേഖകൾ എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമയബന്ധിതമായി നൽകുവാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും പോലീസ് ആസ്ഥാനത്തു നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇത്തരത്തിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള എത്ര കേസുകളാണ് ഉണ്ടായിട്ടുള്ളതെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന നഷ്ടപരിഹാരം നൽകുന്നതിനായി 2021-ൽ 872-ഉം, 2022-ൽ 911-ഉം, 2023-ൽ 38-ഉം കേസുകളും ഉൾപ്പെടെ ആകെ 1821 കേസുകളുടെ വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. |
| (ഡി) | ഈ കേസുകൾക്കെല്ലാം കൂടി ആകെ എത്ര രൂപയാണ് കുടിശ്ശികയായി ഉള്ളതെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ഡി) | 2021-ൽ 7,36,35,000/-രൂപയും (ഏഴ് കോടി മുപ്പത്തിയാറു ലക്ഷത്തി മുപ്പത്തയ്യായിരം രൂപ മാത്രം), 2022-ൽ 11,17,16,000/-രൂപയും (പതിനൊന്ന് കോടി പതിനേഴ് ലക്ഷത്തി പതിനാറായിരം രൂപ മാത്രം), 2023-ൽ 65,50,000/-രൂപയും (അറുപത്തഞ്ചു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ആകെ 19,19,01,000/-രൂപ (പത്തൊൻപതു |

| | | | |
|---|---|---|---|
| | | | കോടി പത്തൊൻപതു ലക്ഷത്തി ആയിരം രൂപ മാത്രം) നഷ്ടപരിഹാരം നൽകുവാൻ കുടിശ്ശികയായിട്ടുണ്ട്. |
| (ഇ) | ഇതിനായി കോടതിയിൽ പോകാനോ കേസ് നടത്താനോ കഴിയാത്ത പട്ടികജാതിക്കാർക്കായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ? | (ഇ) | കോടതിയിൽ പോകാനോ കേസ് നടത്താനോ കഴിയാത്ത പട്ടികജാതിക്കാർക്ക് സ്പെഷ്യൽ പ്രൊസിക്യൂട്ടർ/പ്രൊസിക്യൂട്ടർമാർ മുഖേനയും പട്ടികജാതി വികസന വകുപ്പ് രൂപീകരിച്ചിരിക്കുന്ന നിയമസഹായ സെല്ലായ JWALA (Justice, Welfare and Legal Assistance) യുടെ ഭാഗമായി തിരുവനന്തപുരത്ത് വെള്ളയമ്പലം, അയ്യങ്കാളി ഭവനിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന സ്റ്റേറ്റ് ലീഗൽ സെല്ലിൽ നിയമിതരായിരിക്കുന്ന ലീഗൽ അഡ്വൈസർ, അസിസ്റ്റന്റ്മാർ എന്നിവർ മുഖേനയും ജില്ലകളിൽ നിയമിതരായിരിക്കുന്ന ലീഗൽ കൗൺസിലർമാർ മുഖേനയും നിയമ സഹായങ്ങൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ